REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 01-04-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- കടമെടുപ്പ് പരിധിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ പ്രധാന ഹർജി സുപ്രീംകോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു. ഓരോ സംസ്ഥാനത്തിനും എത്ര രൂപ കടമെടുക്കാമെന്നത് ഭരണഘടനാ ബെഞ്ച് പരിഗണിക്കും.
- ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ പരിവർത്തനം പഠിക്കേണ്ട വിഷയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം നാളെ പുനഃരാരംഭിക്കും.
- മദ്യനയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡി യിൽ വിട്ടു.
- കേരളതീരത്ത് ഉയർന്ന തിരമാലയും കടലാക്രമണവും ഒരുദിവസം കൂടി തുടരുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി
- IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

കടമെടുപ്പ് പരിധിമായി ബന്ധപ്പെട്ട കേരളത്തിന്റെ പ്രധാന ഹർജി സുപ്രീംകോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ടു. ഓരോ സംസ്ഥാനത്തിനും എത്ര രൂപ കടമെടുക്കാമെന്നത് ഭരണഘടനാ ബെഞ്ച് പരിഗണിക്കും. 2023-24 സാമ്പത്തിക വർഷം അധിക തുക

കടമെടുക്കുന്നതിന് ഇടക്കാല അനുമതി നൽകണമെന്നാവശ്യപ്പെട്ട ഹർജിയിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ജസ്റ്റിസുമാരായ സൂര്യകാന്ത്, കെ.വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് വിസമ്മതിച്ചു. വേണ്ടത്ര ആശ്വാസം ഈ സാമ്പത്തിക വർഷം കോടതി ഇടപെടലിനെ തുടർന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നും ബെഞ്ച് നിരീക്ഷിച്ചു.

ഒരു വർഷം അധികകടം എടുത്താൽ അടുത്ത വർഷത്തിൽ നിന്ന് കുറയ്ക്കാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നും കോടതി വ്യക്തമാക്കി. ഭരണഘടനയുടെ 293-ാം അനുച്ഛേദം ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്നും അതിനാൽ ഭരണഘടനാ ബെഞ്ച് ഇക്കാര്യം പരിശോധിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വ്യക്തമാക്കി. സംസ്ഥാനങ്ങൾക്ക് പുറമെ നിന്ന് കടമെടുക്കാൻ അധികാര പരിധിയുണ്ടോ എന്നും, ഇതിൽ കേന്ദ്രത്തിന് എത്രമാത്രം നിയന്ത്രണമേർപ്പെടുത്താമെന്ന് പരിശോധിക്കാമെന്നും കോടതി പറഞ്ഞു.

✪✪✪

ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ പരിവർത്തനം പഠിക്കേണ്ട വിഷയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. മുംബൈയിൽ റിസർവ് ബാങ്കിന്റെ 90-ാം വാർഷിക ആഘോഷമായ RBI at 90യെ അഭിസംബോധന ചെയ്യുകയായിരുന്നു നരേന്ദ്രമോദി.

പ്രൊഫഷണലിസത്തിനും പ്രതിബദ്ധതയ്ക്കും RBI ലോകത്ത് അറിയപ്പെടുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, ധനകാര്യ സഹമന്ത്രിമാരായ ഭഗവത് കിഷൻറാവു കരാഡ്, പങ്കജ് ചൗധരി, RBI ഗവർണ്ണർ ശക്തികാന്ത ദാസ് എന്നിവരും പങ്കെടുത്തു.

✪✪✪

ഇന്ന് ആരംഭിച്ച സാമ്പത്തിക വർഷത്തിൽ നികുതി വ്യവസ്ഥയിൽ മാറ്റങ്ങളൊന്നുമുണ്ടാകില്ലെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി. പുതിയ നികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ട സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് മന്ത്രാലയം അറിയിച്ചു. വ്യക്തികൾക്കാണ് പുതിയ നികുതി വ്യവസ്ഥ ബാധകമാകുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

സാമ്പത്തിക വർഷത്തെ ആദ്യ പ്രവൃത്തി ദിവസമായ ഇന്ന് സംസ്ഥാന ബജറ്റിൽ നിർദേശിച്ച നികുതി, ഫീ വർധനയും ഇളവുകളും പ്രാബല്യത്തിൽ വന്നു . കോടതി ഫീസുകൾ ഉയരും. ചെക്ക് കേസിനും വിവാഹ മോചന കേസിനും ഫീസ് കൂടും. ഭൂമി പണയപ്പെടുത്തി വായ്പ എടുക്കുന്നതിനും ചെലവേറും. റബറിന്റെ താങ്ങുവില 170 രൂപയിൽ നിന്ന് 180 രൂപയാകും. സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരുടെ ഡിഎയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും രണ്ട് ശതമാനം വർദ്ധിയ്ക്കും.

✪✪✪

BJPയുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികാ സമിതി യോഗം മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ആരംഭിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിന് പാർട്ടി പ്രകടന പത്രികയ്ക്ക് 27 അംഗ സമിതി അന്തിമ രൂപം നൽകും. കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമനാണ് സമിതി കൺവീനർ.

✪✪✪

കോൺഗ്രസ് കേന്ദ്ര തെരഞ്ഞെടുപ്പ് സമിതിയോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിന് തെലങ്കാനയിലെ സ്ഥാനാർത്ഥി പട്ടികയ്ക്ക് രൂപം നൽകാനാണ് യോഗം. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ,മുതിർന്ന നേതാവ് സോണിയാഗാന്ധി, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം നാളെ പുനഃരാരംഭിക്കും. അവധിയായതിനാൽ ഇന്നലെയും ഇന്നും പത്രികാ സമർപ്പണം ഉണ്ടായിരുന്നില്ല. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 34 പേരാണ് പത്രിക നൽകിയത്. നാളെ മുതൽ മൂന്നു ദിവസം മാത്രമാണ് പത്രികാ സമർപ്പണത്തിന് ശേഷിക്കുന്നത്. ഈ ദിവസങ്ങളിൽ മൂന്ന് മുന്നണികളുടെയും ബാക്കി സ്ഥാനാർത്ഥികളും പ്രമുഖരും പത്രിക നൽകും.

വെള്ളിയാഴ്ചയാണ് സൂക്ഷ്മ പരിശോധന. അടുത്ത തിങ്കളാഴ്ച പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലും മത്സരചിത്രം തെളിയും. കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിൽ അടുത്ത മാസം 26 നാണ് വോട്ടെടുപ്പ്.

✪✪✪

ഡൽഹിയിൽ പ്രതിപക്ഷ പാർട്ടികൾ ഇന്നലെ സംഘടിപ്പിച്ച റാലി ബി.ജെ.പിക്ക് മുന്നറിയിപ്പാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

ഡൽഹി മുഖ്യമന്ത്രി കെജ്-രിവാളിനെതിരായ നടപടിക്കെതിരെ കോൺഗ്രസിന്റെ ഇപ്പോഴത്തെ നിലപാട് സ്വാഗതാർഹമാണെന്നും അദ്ദേഹം കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു കാസർകോട്ടെ റിയാസ് മൗലവി വധകേസിൽ നിയമത്തിന്റെ എല്ലാ സാധ്യതകളും തേടുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേസിന്റെ ഒരു ഘട്ടത്തിലും ആരും പരാതി ഉന്നയിച്ചിട്ടില്ലെന്നും ജാഗ്രതയും അർപ്പണബോധവും പുലർത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. വിഷയത്തിൽ ഗവൺമെന്റിനെതിരെ തെറ്റിദ്ധാരയുണ്ടാക്കാൻ ശ്രമം നടക്കുന്നതായും അദ്ദേഹം പറഞ്ഞു.

✪✪✪

മാവേലിക്കരയുടെ മനസ്സിൽ ഇടം നേടാൻ പുതിയ തന്ത്രങ്ങൾ മെനയുകയാണ് മുന്നണികൾ. ഈസ്റ്റർ, വിഷു ആഘോഷ പരിപാടികളും ഇഫ്ത്താർ സംഗമങ്ങളും, സ്ഥാനാർത്ഥികളും പ്രവർത്തകരും പ്രചാരണ വേദിയാക്കി മാറ്റി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R. രവികുമാർ.

..................(വോയ്സ്).....................

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥരുടെ ഒന്നാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായതായി ജില്ലാ കലക്ടർമാർ അറിയിച്ചു.

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നിയമന ഉത്തരവുകൾ സോഫ്റ്റ് വെയറിൽ നിന്നു ഡൗൺലോഡ് ചെയ്ത് ഡ്യൂട്ടി ലഭിച്ച ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർമാർ പറഞ്ഞു. പ്രിസൈഡിംഗ് ഓഫീസർമാരും ഫസ്റ്റ് പോളിംഗ് ഓഫീസർമാരും ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുക്കണം.

സമയക്രമം, പരിശീലനകേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പോസ്റ്റിംഗ് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ഗവൺമെന്റ് ജീവനക്കാർക്കു പരിശീലന പരിപാടികൾ വിവിധ കേന്ദ്രങ്ങളിൽ മറ്റന്നാൾ ആരംഭിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ് അറിയിച്ചു. പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ഉദ്യോഗസ്ഥർക്കു നിയമന ഉത്തരവിൽ നൽകിയിട്ടുണ്ടെന്നും ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഡൽഹി റോസ് അവന്യൂ കോടതി പ്രത്യേക CBI ജഡ്ജി കാവേരി ബാവജെയാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. ED കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് കെജരിവാളിനെ ഇന്ന് കോടതിയിൽ ഹാജരാക്കി. കഴിഞ്ഞ മാസം 21 ന് കേസിൽ അറസ്റ്റിലായ കെജരിവാളിനെ 22ന് ആറു ദിവസം ഇ ഡി കസ്റ്റഡിയിൽ വിട്ടിരുന്നു. പിന്നീടത് നാല് ദിവസം കൂടി നീട്ടി.

ആം ആദ്മി പാർട്ടി നേതാക്കളായ മനീഷ് സിസോദിയ, സഞ്ജയ് സിംഗ് എന്നിവർ കേസിൽ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

✪✪✪

കേരളതീരത്ത് ഉയർന്ന തിരമാലയും കടലാക്രമണവും ഒരുദിവസം കൂടി തുടരുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരമാല 1.5 മീറ്റർ വരെ ഉയരുമെന്നാണ് മുന്നറിയിപ്പ്.

കള്ളക്കടൽ എന്ന പ്രതിഭാസമാണ് വ്യാപകമായ രീതിയിൽ കടലാക്രമണത്തിന് കാരണമെന്നും ഈ പ്രതിഭാസം തീരത്തെ മറ്റിടങ്ങളിലുണ്ടാകാൻ സാധ്യതയുണ്ടെന്നും ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

✪✪✪

കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലയിലെ തീരപ്രദേശങ്ങളിൽ വിനോദസഞ്ചാരകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിരോധിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകി.

മൂന്ന് ദിവസത്തേക്ക്, ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ വിനോദസഞ്ചാര കേന്ദ്രങ്ങളായ കടലോര മേഖലകളിലേക്ക് വിനോദസഞ്ചാരം അനുവദിക്കില്ലെന്നും ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

അതിനിടെ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് ഡി.ടി.പി.സിയുടെ നേതൃത്വത്തിൽ അഴിച്ചു മാറ്റി.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, പത്തനംതിട്ട, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം. വിശാഖപട്ടണത്ത് ഇന്നലെ ഡൽഹി ക്യാപിറ്റൽസ് ചെന്നൈ സൂപ്പർ കിങ്സിനെ 20 റൺസിന് പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC മുംബൈ സിറ്റി FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

കൊൽക്കത്തയിൽ ഇന്നലെ ചെന്നൈയിൻ FC- മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ രണ്ടിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു .

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയം 75 -ാം വർഷത്തിലേക്ക്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.

✪✪✪

പത്തനംതിട്ട റാന്നി തുലാപ്പള്ളി പുളിയൻകുന്ന് മലയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച ബിജുവിന്റെ കുടുംബത്തിന് അടിയന്തര നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ അറിയിച്ചു.

10 ലക്ഷം രൂപ നഷ്ടപരിഹാരത്തിന്റെ ആദ്യ ഗഡു 24മണിക്കൂറിനുള്ളിൽ കൈമാറും. ആശ്രിതർക്ക് ഗവൺമെന്റ് ജോലി നൽകാൻ ശുപാർശ ചെയ്യുമെന്നും ഫെൻസിംഗ് നടത്താൻ വേണ്ട നടപടി സ്വീകരിക്കുമെന്നും കളക്ടർ അറിയിച്ചു.

✪✪✪

ഛത്തീസ്ഗഡിലെ ബസ്തർ ഡിവിഷനിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റ് കൊല്ലപ്പെട്ടു. കോബ്രാ ബറ്റാലിയന്റെയും ഡിസ്ട്രിക്റ്റ് റിസർവ് ഗാർഡിന്റെയും സംയുക്ത സംഘം തെറ്റ്മാഡ്ഗു മേഖലയിൽ നടത്തിയ തിരച്ചിലിനിടെയാണ് വെടിവെപ്പ് നടന്നത്.

✪✪✪

മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു. മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചുവരുന്നതിനിടെ രണ്ടു വള്ളങ്ങളാണ് അപകടത്തിൽപ്പെട്ടത്. ശക്തമായ തിരമാലയിൽപ്പെട്ട് വള്ളം മറിഞ്ഞായിരുന്നു ആദ്യ അപകടം. ഇതിലുണ്ടായിരുന്ന അഞ്ച് തൊഴിലാളികളെയും രക്ഷപ്പെടുത്തി.

✪✪✪

സ്വർണവില സർവകാല റെക്കോർഡിൽ. 680 രൂപ വർധിച്ച് പവന് 50,880 രൂപയായി. 6,360 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪